ഉത്തരം

(എ) ഉണ്ട്.

(ബി) വർഗ്ഗീയ സംഘട്ടനങ്ങൾ എന്ന വിഭാഗത്തിൽപ്പെടുത്താവുന്നതായി 1978-ൽ 8 സംഭവങ്ങളേ ഉണ്ടായിട്ടുള്ളൂ. ഈ സംഘട്ടനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത പരിപാടിയുടെ ഭാഗമായി നടപ്പാക്കിയവയായിരുന്നില്ല. ദീർഘകാലമായുള്ള ഏതെങ്കിലും പ്രശ്നങ്ങളോ, വൈരാഗ്യമോ ഇവയുടെ പുറകിലില്ലായിരുന്നു. തക്കസമയത്ത് പോലീസ് എടുത്തിട്ടുള്ള ഫലപ്രദമായ നടപടികൾമൂലമാണ് ഒറ്റപ്പെട്ടതും ആകസ്മികവുമായുണ്ടായ മേൽ സൂചിപ്പിച്ച സംഭവങ്ങൾ തന്നെയും മൂർച്ഛിക്കാതിരുന്നത്. ഈ വർഷം ഇപ്രകാരമുള്ള സംഭവങ്ങൾ ഒന്നുംതന്നെ റിപ്പോർട്ടുചെയ്തിട്ടില്ല.

വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്

1401 [2261] ശ്രീ. കെ.പി. നൂറുദ്ദീൻ:

,, സി.പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും യാത്രാക്ലേശം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ജില്ലയിലെ വിദ്യാർത്ഥികൾ നടത്തിയ പ്രകടനത്തിൽ യാതൊരു കാരണവുമില്ലാതെ വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവത്തെക്കുറിച്ച് ഡി.ഐ.ജി. ശ്രീ. പത്മഗിരീശ്വരൻ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ നിഗമനം എന്താണ്, അദ്ദേഹത്തിന്റെ ശുപാർശകൾ എന്തെല്ലാമാണ്;

(ബി) ഇതിൻമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത റിപ്പോർട്ട് പരസ്യപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. അന്വേഷണത്തിൽ ഇപ്രകാരം ഒരു മർദ്ദനം നടന്നതായി തെളിഞ്ഞിട്ടില്ല. ശുപാർശകൾ ഒന്നുംതന്നെ ഇല്ല.

(ബി) മേൽനടപടി സ്വീകരിക്കേണ്ടതായ കുറ്റങ്ങളൊന്നും തെളിഞ്ഞിട്ടില്ല.

(സി) പരസ്യപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

എഫ്. ഐ. ആറിന്റെ കോപ്പി പരാതിക്കാരന് കൊടുക്കണം എന്ന നിർദ്ദേശം

1402 [2262] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്.ഐ.ആറിന്റെ ഒരു കോപ്പി പരാതിക്കാരന് കൊടുക്കണം എന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly